സംഘടിപ്പിക്കുകയുണ്ടായി. കേരള പോലീസുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യുബേഷൻ സ്പേസ്/സ്കിൽ ഡെവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ എറുമേലി എം.ഇ.എസ്. കോളേജിൽ ഒരു സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ്, കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടുകൂടി നിർമ്മിച്ച ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ, രാജ്യത്തെ തന്നെ സംരംഭകത്വ വികസന രംഗത്ത് പ്രഗത്ഭരായ ഇന്ത്യൻ ഏയ്ഞ്ചൽ നെറ്റ്വർക്കുമായി സഹകരിച്ച് വിദ്യാർത്ഥി യുവസംരംഭകരുടെ സംരംഭകത്വ വികസനത്തിനായുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ

247 (614) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി -മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് ജനങ്ങളിലുണ്ടായ ആശങ്ക ദൂരീകരിക്കുന്നതിനും സ്ഥലം ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിലാകെ പൈപ്പ് ലൈൻ വിന്യസിക്കേണ്ട 83.70 കി.മീ. ദൈർഘ്യമുള്ള ഭൂമിയുടെ P&MP Act സെക്ഷൻ 3(1), 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ജില്ലയിൽ അഞ്ച് സെക്ഷനലൈസിംഗ് വാൽവ് (SV) സ്റ്റേഷനുകൾക്കും ഒരു ഇന്റർമീഡിയേറ്റ് പിഗ്ഗിംഗ് (IP) സ്റ്റേഷനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇവയിൽ മൂന്ന് SV സ്റ്റേഷനുകൾക്കുള്ള നടപടി പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ ജോലികൾ പുരോഗമിക്കുന്നു. കൂടാതെ കണ്ണൂർ ജില്ലയിലെ വിവിധ കർഷക യൂണിറ്റുകളുമായി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തുകയും ഭൂമിയുടെ നഷ്ടപരിഹാരത്തുക നിർണ്ണയിക്കുന്നതിന് കളക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മഹസർ തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു. ആകെയുള്ള 83.70 കി.മീറ്ററിൽ 54.05 കി.മീ. ദൂരത്തെ മഹസർ പൂർത്തിയായി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള ആഗോള പുനർ ടെണ്ടർ ക്ഷണിക്കുകയും കോൺട്രാക്ടറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയും ചെയ്യുന്നു. വാൽവ് സ്റ്റേഷനുകൾക്കുള്ള സ്ഥലപരിവർത്തനത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ വിവിധ യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്.

(ബി) ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചുള്ള ഉൽക്കണ്ഠ അകറ്റുന്നതിന് ഒരു പബ്ലിക് റിലേഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നു. വിളകൾക്ക് കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വിലയും, സ്ഥലത്തിന് ന്യായവിലയുടെ 50 ശതമാനവും നഷ്ടപരിഹാരമായി നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ സ്ഥലവിലയുടെ കാര്യത്തിൽ സ്ഥല ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന പരാതിയിന്മേൽ സ്ഥല ഉടമകളുമായി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.